**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6485 21/11/2019-ൽ മറുപടിയ്ക്ക്

## ശ്രദ്ധ-മികവിലേയ്ക്കൊരു ചുവട് പരിപാടി

ചോദ്യം ഉത്തരം

**പ്രൊഫ.കെ.യു. അരുണൻ**

പ്രൊഫ. സി.രവീന്ദ്രനാഥ്
(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) വിദ്യാഭ്യാസ വകുപ്പിന്റെ 'ശ്രദ്ധ-മികവിലേയ്ക്കൊരു ചുവട്' പരിപാടിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2017-18 മുതൽ സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'ശ്രദ്ധ'. വ്യത്യസ്ത കാരണങ്ങൾ കൊണ്ട് പഠന പ്രയാസം നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിനായിട്ടാണ് ശ്രദ്ധ പദ്ധതി നടപ്പിലാക്കുന്നത്. 2017-18 അധ്യയന വർഷത്തിൽ 3,5,8 ക്ലാസ്സുകളിലെ കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ടി വർഷം 1,20,000 കുട്ടികൾക്ക് ശ്രദ്ധ പദ്ധതിയുടെ മെച്ചം ലഭ്യമായിട്ടുണ്ട്. 2018-19 വർഷം മുതൽ 3 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേക്ക് പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. 2018-19 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ 4659 സർക്കാർ സ്കൂളുകളിലായി 1,90,000 കുട്ടികൾക്ക് 'ശ്രദ്ധ' പദ്ധതിയുടെ ഗുണം ലഭിച്ചിട്ടുണ്ട്. പാദ വാർഷിക പരീക്ഷകളിൽ 'സി', 'ഡി' ഗ്രേഡുകൾ ലഭിച്ചിരുന്ന കുട്ടികൾക്ക് വാർഷിക പരീക്ഷയിൽ ശ്രദ്ധ പദ്ധതിയുടെ പ്രവർത്തന മികവുകൊണ്ട് 'എ', 'ബി' ഗ്രേഡുകൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2019-20 വർഷം സംസ്ഥാനത്തെ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെയും ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെയും |

| | | | |
|---|---|---|---|
| | | | പരിധിയിൽ നിന്നും 10 വീതം എൽ.പി/ യു.പി/ഹൈസ്കൂളുകൾ തെരഞ്ഞെടുത്ത് ആകെ 3670 സർക്കാർ സ്കൂളുകളിലാണ് 'ശ്രദ്ധ' പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. എൽ.പി/യു.പി/ ഹൈസ്കൂൾ വിഭാഗങ്ങൾക്കായി പ്രത്യേകം മൊഡ്യൂളുകൾ തയ്യാറാക്കിയാണ് പഠന പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. കുട്ടികൾക്കായി പ്രത്യേക ഇവാല്യുവേഷൻ ടൂളും നിർമ്മിച്ചാണ് പഠന പുരോഗതി വിലയിരുത്തുന്നത്. പ്രീ ടെസ്റ്റ്, പോസ്റ്റ് ടെസ്റ്റ് എന്നിവയും പദ്ധതിയുടെ ഭാഗമായി നടത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത പരിപാടി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ? | (ബി) | ഓരോ ഉപജില്ലയിലെയും, വിദ്യാഭ്യാസ ജില്ലയിലെയും റിസൾട്ട് കുറഞ്ഞ 10 സ്കൂളുകൾ വീതം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ കണ്ടെത്തി നൽകിയിയിട്ടുണ്ട്. അത്തരം 3670 സർക്കാർ സ്കൂളുകളിൽ ശ്രദ്ധ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. |

Reena

സെക്ഷൻ ഓഫീസർ